"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 19/01/2021 തീയതിയിലെ 8/1-ാം നമ്പർ തീരുമാനം, 15/02/2021 തീയതിയിലെ 38/1 -ാം നമ്പർ തീരുമാനം, എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

---

സ.ഉ.(സാധാ) നം.1895/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/10/2021

---

പരാമർശം:-

1. പോരുവഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 19/01/2021 , തീയതിയിലെ 8/1-ാം നമ്പർ തീരുമാനം
2. പോരുവഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15/02/2021 തീയതിയിലെ 38/1 -ാം നമ്പർ തീരുമാനം
3. പോരുവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.02.2021 ലെ എ4-1587/21 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമ പഞ്ചായത്തിൽ 17-ാം വാർഡിൽ 588 നമ്പർ കെട്ടിടത്തിൽ ശ്രീമതി. പ്രദീപ രമേശ്, കലശേഖരത്ത് മന ,ചാത്താക്കുളം എന്നവർ അക്ഷര ഓൺലൈൻ സർവ്വീസ് ഡിജിറ്റൽ സേവ എന്ന പേരിൽ ഡി.റ്റി.പി, റീചാർജ്ജ് സെയിൽ , ഓൺലൈൻ സർവ്വീസ് എന്നീ സേവനങ്ങൾക്കു വേണ്ടിയുള്ള പഞ്ചായത്ത് ലൈസൻസിന് വേണ്ടി 02/12/2020ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ ടി സ്ഥാപനത്തിന് ലൈസൻസിനായി മുൻപ് സമർപ്പിച്ചിരുന്ന അപേക്ഷ , ശ്രീ. നിഷാദ്, നിഷാദ് മൻസിൽ ,കമ്പലടി പോരുവഴി എന്നവർ സമർപ്പിച്ച പരാതി, ഇലക്ട്രോണിക്സ് വിവര സാങ്കേതിക വിദ്യ(സി) വകുപ്പ് സ.ഉ (കൈ)നം.26/2019 തീയതി 7/11/2019 ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പേര് മാറ്റുന്ന മുറയ്ക്ക് മാത്രം ലൈസൻസ് അനുവദിച്ചാൽ മതിയെന്ന 12/06/2020 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഇത് സംബന്ധിച്ച് ശാസ്താംകോട്ട മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിവരവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മിറ്റിയെ രേഖാമൂലം ബോധ്യപ്പെടുത്തി. എന്നാൽ ടി അപേക്ഷ പരിഗണിക്കുന്നതിന് ഭൂരിപക്ഷം വാർഡ് ജനപ്രതിനിധികളും ആവശ്യപ്പെട്ടു. ആയത് പ്രകാരം ഭൂരിപക്ഷ തീരുമാനത്തോടെ ലൈസൻസ് അനുവദിക്കുന്നതിന് കമ്മിറ്റി പരാമർശം (1) പ്രകാരം തീരുമാനിച്ചു.

(2) ടി തിരുമാനം സർക്കാരിന്റെ നിയമാനുസൃത മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുവാൻ സെക്രട്ടറി ആവശ്യപ്പെട്ടു.

പരാമർ ശം (1) തീരുമാനം പുന:പരിശോധിക്കുന്നതിന് 15.02.2021 ൽ യോഗം കൂടിയെങ്കിലും മുൻ തീരുമാനത്തിൽ തന്നെ ഉറച്ച് നിൽക്കുന്നതായും ഭൂരിപക്ഷ അംഗങ്ങളുടെ സമ്മതപ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് പരാമർശം (2) തീരുമാനിക്കുകയും ചെയ്തു. തുടർന്ന് പരാമർശം (3) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി പോരുവഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

3.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോരുവഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 19/01/2021 തീയതിയിലെ 8/1-ാം നമ്പർ തീരുമാനം, 15/02/2021 തീയതിയിലെ 38/1 -ാം നമ്പർ തീരുമാനം, എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ , തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

സെക്രട്ടറി , പോരുവഴി ഗ്രാമപഞ്ചായത്ത് ,കൊല്ലം .

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ&പി.ആർ. വെബ് ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർ.സി3/78/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം

Bindu S

സെക്ഷൻ ഓഫീസർ